*Ref.*MIN01/OVC/251001 *Date:* 01/10/2025

# ദാറുൽഹുദാ എജുക്കേഷൻ ബോർഡ് മീറ്റിംഗ്

**പങ്കെടുത്തവർ**

- ഉസ്താദ് ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‍വി
- യു. മുഹമ്മദ് ശാഫി ഹാജി
- ഡോ. യു.വി.കെ  മുഹമ്മദ്
- ഡോ. റഫീഖ് ഹുദവി
- പി.കെ അബ്ദുന്നാസിർ ഹുദവി
- ഫൈസൽ ഹുദവി. കെ
- ഹാരിസ് ഹുദവി മടപ്പള്ളി
- അബ്ദുല്ല ഹുദവി. എം
- ഡോ. മുഹമ്മദ് ഇസ്മാഈൽ ഹുദവി
- ശിയാസ് അഹ്മദ് ഹുദവി
- മുഹമ്മദ് നൗഫൽ ഹുദവി മേലാറ്റൂർ
- അനസ് ഹുദവി പെലേപ്പുറം
- അമീറലി. പി.സി
- മുഹമ്മദ് റാഫി ഹുദവി.എം.ടി
- മുഹമ്മദ് അഫ്സൽ ഹുദവി മാതാപുഴ

**ആമുഖം**

സെപ്റ്റംബർ 14 ഞായറാഴ്ച രാവിലെ 10.30 മുതൽ ദാറുൽഹുദാ മീറ്റിംഗ് ഹാളിൽ വെച്ച്  വൈസ് ചാൻസലർ ഡോ. ബഹാഉദ്ദീൻ മുഹമ്മദ്  നദ്‍വിയുടെ അധ്യക്ഷതയിൽ എജുക്കേഷൻ ബോർഡ് മീറ്റിംഗ് നടന്നു. ഡോ ഇസ്മാഈൽ ഹുദവി ദുആക്ക് നേതൃത്വം നൽകി. അക്കാദമിക് രജിസ്ട്രാർ  ഡോ. റഫീഖ് ഹുദവി ആമുഖ പ്രഭാഷണം നടത്തി. കഴിഞ്ഞ മീറ്റിംഗ് തീരുമാനങ്ങൾ രജിസ്ട്രാർ അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. സെക്കണ്ടറി & സീനിയർ സെകണ്ടറി അക്കാദമിക് കോഡിനേറ്റർ മുഹമ്മദ് അഫ്സൽ ഹുദവി കരിക്കുലം കമ്മിറ്റികളുടെ നിർദേശങ്ങൾ അവതരിപ്പിച്ചു.

## കരിക്കുലം കമ്മിറ്റികളുടെ നിർദേശങ്ങൾ

**ഖുർആൻ**

- വിദ്യാർഥികളുടെ ഖുർആൻ പാരായണ മേന്മ അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന തിലാവ കോഴ്സ് സീനിയർ സെക്കണ്ടറി ആദ്യവർഷക്കാർക്ക് നിർബന്ധമായും നൽകണമെന്ന് ഹിസ്ബ് കോഡിനേറ്റർ ആവശ്യപ്പെട്ടതിനെ തുടർന്ന് നടന്ന ചർച്ചയിൽ, സീനിയർ സെക്കണ്ടറി ആദ്യ വർഷം കോഴ്സ് പൂർത്തിയാക്കാൻ സാധിക്കാത്തവർ രണ്ടാം വർഷം നിർബന്ധമായും പൂർത്തിയാക്കേണ്ടതാണെന്നും ഡിഗ്രി അഡ്മിഷന് തിലാവ കോഴ്സ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കണമെന്നും തീരുമാനമായി. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട SOP ഹിസ്ബ് കോഡിനേറ്റർ തയ്യാറാക്കേണ്ടതാണെന്ന് യോഗം നിർദ്ദേശിച്ചു.
- നിലവിൽ ഡിഗ്രിയിൽ സമസ്തയുടെ ഹിസ്ബ് കോഴ്സ് നൽകുന്നത് അത് പോലെ നിലനിർത്തുന്നതായിരിക്കും.
- തജ്‌വീദിന്റെ ഉസ്താദുമാർക്ക് തഹ്സീനുൽ ഖിറാഅ വർക്ഷോപ്പ് സംഘടിപ്പിക്കുക

- തജ്വീദ്, തദ്‌രീബ് ഒരുമിച്ചാക്കുക, ഉച്ചാരണം ശരിയാക്കാൻ ഇത്ഖാൻ അസാസിയ്യ ലിൽഖുർറാഇൽ അറബിയ്യ എന്ന ആപ് ഉപയോഗിക്കുക. ഇതിന്റെ ക്യൂ ആർ കോഡ് പുസ്തകത്തിൽ ഉൾപ്പെടുത്തുക.

**ഉസൂലുൽ ഹദീസ്**

- സെക്കണ്ടറി ഒന്നാം വർഷം മുതൽ റാവിമാരുടെ വിവരങ്ങൾ കൂടി ഉൾപെടുത്തി ഹദീസും ഉസൂലുൽ ഹദീസും സംയുക്തമായുള്ള ടെക്സ്റ്റ് സീരീസ് തയ്യാറാക്കുക.

**തസവ്വുഫ്**

- هداية الأذكياء إلى طريق الأولياء എന്ന കിതാബിൽ നിന്നും കാണാതെ പഠിക്കാൻ ഉള്ള ബൈതുകൾ പ്രധാന ഭാഗങ്ങൾ ഉൾപെടുത്തി ഒരു ടേമിൽ 50 ബൈത് എന്ന നിലക്ക് കുറക്കുവാൻ തീരുമാനമായി.
- തർബിയത്തിനായി ഒരു ബോർഡ് ഉണ്ടാക്കുക. തർബിയത്തുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അവർ കോഡിനേറ്റ് ചെയ്യുക. പ്രസ്തുത ബോർഡിനെ മെന്ററിംഗുമായി ബന്ധപ്പെടുത്തുക. നിലവിലെ മെന്ററിംഗ് സിസ്റ്റം ദാറുൽഹുദാ ലക്ഷ്യം കാണുന്ന രീതിയിലെത്തിയിട്ടില്ലെന്ന് ജനറൽ സെക്രട്ടറി വിലയിരുത്തി.
- എല്ലാ അധ്യാപകർക്കും കുറ്റമറ്റ രീതിയിൽ മെന്ററിംഗ് നടത്താൻ കഴിയണമെന്നില്ലെന്നും, ഒരധ്യാപകന് എട്ടിലധികം വിദ്യാർഥികളെ മെന്ററിംഗ് ചെയ്യാൻ ബുദ്ധിമുട്ടാകുമെന്നും, മെന്റർമാരാവുന്ന അധ്യാപകർക്ക് മൂന്ന് ദിവസത്തെ വർക്ഷോപ്പ് നൽകണമെന്നും, ലോജിക്കൽ മൈൻഡ് കൂടുതലുള്ള അധ്യാപകർക്ക് നല്ല മെന്ററാവാൻ സാധിക്കില്ലെന്നും, മിനിമം രണ്ടോ മൂന്നോ വർഷമെങ്കിലും ഒരു മെന്റർക്ക് കീഴിൽ തുടർന്നാലേ പ്രതീക്ഷിക്കുന്ന ഫലം ലഭിക്കൂവെന്നും, മെന്റീ പൂർണ്ണമായും മെന്ററിൽ വിശ്വാസമർപ്പിച്ചാലേ പദ്ധതി വിജയകരമാവൂ എന്നും, മെന്ററിംഗ് അത്യാവശ്യമുള്ള വിദ്യാർഥികൾക്ക് മാത്രം നൽകിയാൽ മതിയെന്നും, ബാക്കിയുള്ളവർക്ക് പൊതുവായ ഗൈഡൻസ് മതിയവുമെന്നും ഹാരിസ് ഹുദവി മടപ്പള്ളി അഭിപ്രായപ്പെട്ടു. വിദ്യാർഥികളുടെ രഹസ്യം സൂക്ഷിക്കാൻ കഴിവുള്ളവരാവണം മെന്റർമാരെന്നും, മെന്റർമാരായി മിനിമം അഞ്ച് വർഷം സർവീസിൽ തുടരുമെന്നുള്ളവരെ മാത്രം നിയമിക്കണമെന്നും, ദാറുൽഹുദാ സംവിധാനത്തിൽ നൽകുന്ന സേവനങ്ങളുടെ ആധിക്യത്തിലുപരി അവയുടെ ഗുണമേന്മക്ക് പ്രാധാന്യം നൽകണമെന്നും, കൂടുതൽ മികവ് പുലർത്തുന്ന സ്ഥാപനങ്ങളെ സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.
- വിദ്യാർഥികൾക്കിടയിൽ നിലനിൽക്കുന്ന അനിശ്ചിതത്വം പൂർണ്ണമായി പരിഹരിക്കാനാണ് മെന്ററിംഗ് പദ്ധതി തുടക്കം കുറിച്ചതെന്ന് അമീറലി കുന്നുംപുറം അഭിപ്രായപ്പെട്ടു. ദാറുൽഹുദായുടെ സ്ഥാപിത ലക്ഷ്യം, അത് മുന്നോട്ട് വെക്കുന്ന വിദ്യാഭ്യാസ പദ്ധതി, അത് വളർത്തിയെടുക്കാൻ ശ്രമിക്കുന്ന സംസ്കാരം എന്നിവ വിദ്യാർഥികൾക്ക് പൂർണ്ണാർഥത്തിൽ മനസ്സിലാക്കാനുള്ള അവസരങ്ങൾ സൃഷ്ടിച്ചെടുക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം സൂചിപ്പിച്ചു.
- നല്ല പെരുമാറ്റം ആത്മീയത തുടങ്ങിയ കാര്യങ്ങളിൽ വിദ്യാർഥികൾ വളരെ പിന്നിലാണെന്നും, മെന്ററിംഗ് എന്നത് Nurturing എന്നതിൽ നിന്നും മാറി തഅ്ദീബ് എന്ന രീതിയിലേക്ക് കാര്യങ്ങൾ മാറേണ്ടതാണ് എന്ന് നൗഫൽ ഹുദവി മേലാറ്റൂർ അഭിപ്രായപ്പെട്ടു.
- തർബിയത്തുമായി ബന്ധപ്പെട്ട തുടർ ചർച്ചകൾക്കായി ഒരു സമിതിയെ നിയമിക്കണമെന്ന് ശിയാസ് ഹുദവി അഭിപ്രായപ്പെട്ടു.

**അഖീദ**

- രണ്ടാം ക്ലാസിലെ ജവാഹിറുൽ കലാമിയ്യയിലെ കൺഫ്യൂഷൻ വരുന്ന ഭാഗങ്ങൾ വിശദീകരിച്ച് ഒരു വീഡിയോ തയ്യാറാക്കുക.
- പിജി വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി ജവാഹിറുൽ കലാമിയ്യ എന്ന കിതാബിന് യോജിച്ച ഒരു ശർഹ് തയ്യാറാക്കുക.

**അറബി**

- "അൽ അറബിയ്യ ബൈന യദൈക്" എന്ന വിഷയം ഒരു ഉസ്താദ് പരമാവധി രണ്ട് ക്ലാസുകളിൽ മാത്രം പഠിപ്പിക്കാൻ പാടുള്ളു. എല്ലാ വർഷവും തുടക്കത്തിൽ തന്നെ ഈ വിഷയത്തിന്റെ വർക്ഷോപ്പ് നൽകണമെന്ന് ഇസ്മാഈൽ ഹുദവി ആവശ്യപ്പെട്ടു.
- അറബി ഭാഷ ഉപയോഗം "അൽ അറബിയ്യ ബൈന യദയ്ക്" എന്നതിൽ മാത്രം ചുരുക്കാതെ ഭാഷയുടെ ഉപയോഗം മറ്റു അറബി വിഷയങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത നൗഫൽ ഹുദവി മേലാറ്റൂർ വിശദീകരിച്ചു.

**ഇംഗ്ലീഷ്**

- സെക്കൻഡറി ഒന്നാം വർഷം മുതൽ അധ്യാപന ഭാഷ ഇംഗ്ലീഷിൽ മാത്രമാക്കുക. ഇത് വിദ്യാർഥികളെയും രക്ഷിതാക്കളെയും മുൻകൂട്ടി അറിയിക്കുകയും ചെയ്യുക.

**ഉർദു**

- ഉർദു പഠിക്കാൻ സഹായകമായ വീഡിയോകൾ ലിസ്റ്റ് ചെയ്ത് സിലബസിലേക്ക് ചേർക്കുകയും പരീക്ഷ ചോദ്യങ്ങളിൽ പ്രസ്തുത വീഡിയോകളെ പരിഗണിക്കുകയും ചെയ്യുക.

**മലയാളം**

- മലയാളം ഗ്രാമർ ക്ലാസുകളിൽ സെമിനാറുകളോ ഗ്രാമർ ചർച്ചകളോ നടത്താൻ നിർദ്ദേശം നൽകുക.
- മലയാളം ഗ്രാമർ സെമിനാർ അല്ലെങ്കിൽ ചർച്ചകൾ ക്ലാസുകളിൽ എല്ലാ വർഷവും നടത്തേണ്ടതാണ്.
- മലയാളം ഗ്രാമർ സെക്കണ്ടറി മൂന്ന് നാല് ക്ലാസുകളിലേക്ക് മാറ്റുക, അടുത്ത അക്കാദമിക വർഷം സെക്കണ്ടറി മൂന്ന്, നാല് അഞ്ച് ക്ലാസുകളിലേക്ക് നിർണ്ണയിക്കുക.
- മലയാളം പഠിപ്പിക്കുന്നതിന്റെ ഒബ്ജക്ടിവുകൾ കൃത്യമായി നിർദേശിക്കുക. അവ വിദ്യാർഥികളിലേക്ക് ശരിയായ രീതിയിൽ കൈമാറ്റം ചെയ്യപ്പെടുക.
- ലിസണിങ് മൊഡ്യൂൾ തയ്യാറാക്കുക മലയാളത്തിൽ സെലിബ്രേറ്റ് ചെയ്യപ്പെടേണ്ട സാഹിത്യകാരന്മാരെ കുറിച്ചുള്ള വീഡിയോകൾ ഉൾപ്പെടുത്തുക.
- ക്ലാസിക്കൽ ടെക്സ്റ്റുകളുടെ ഷോർട്ട് വിദ്യാർത്ഥികൾക്ക് മനസ്സിലാവുന്ന രീതിയിൽ വിശദീകരിക്കേണ്ടതാണ്.
- മാപ്പിള സാഹിത്യം പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ പ്രോഗ്രാമുകൾ നടത്തുക.
- S-1 മുതൽ S-4 വരെയുള്ള ക്ലാസ്സ് വരെ ഉള്ള മലയാളത്തിന്റെ ടെക്സ്റ്റ് ബുക്കുകൾ തയാറാക്കേണ്ടതുണ്ട്. 30% അടിസ്ഥാനപാഠാവലി (ഒരു കവിത ഒരു കഥ ഒരു ലേഖനം) 25% പുതിയ തലമുറ സാഹിത്യം 25 % ഇസ്‌ലാമിക, മാപ്പിള സാഹിത്യം 20% ക്ലാസിക് സാഹിത്യം എന്ന രീതിയിലാണ് ക്രമീകരിക്കേണ്ടത്. പുതിയ സിലബസ് തയ്യാറാക്കുന്നതോടൊപ്പം അതിന്റെ അധ്യാപക ഗൈഡ് കൂടെ തയ്യാറാക്കേണ്ടതുണ്ട്.
- പരീക്ഷ ചോദ്യങ്ങൾ 50 ശതമാനം അടിസ്ഥാനപാഠാവലിയിൽ നിന്നാക്കുക. ബാക്കി പുതുതായി തയ്യാറാക്കുന്ന ടെക്സ്റ്റ് ബുക്കിൽ നിന്നും.

**Translation and Composition**

- മുഴുവൻ ടെക്സ്റ്റ് ബുക്കുകളും തെറ്റുകൾ തിരുത്താനും ഓരോ വർഷവും പുതുക്കാനും അക്കാദമിക വർഷം തുടക്കത്തിൽ തന്നെ പഠിപ്പിക്കുന്ന ഉസ്താദുമാരെ ഏൽപ്പിക്കുക.
- ടെക്സ്റ്റ് ബുക്കുകളിലേക്ക് കാണാനുള്ള വിഡിയോകളുടെ ക്യൂ ആർ കോഡുകൾ ചേർക്കുക.
- മുഴുവൻ വിദ്യാർഥികളുടെയും Language level ചെക്ക് ചെയ്യുന്നത് സിലബസിൽ ഉൾപ്പെടുത്തുക. അതിന്റെ റിപ്പോർട്ടുകൾ എക്സാം സൂപ്പർവൈസർ ചെക്ക് ചെയ്യുക.
- ടെക്സ്റ്റ് ബുക്ക് തയ്യാറാക്കുന്ന ഡ്യൂട്ടി പിജി വിദ്യാർത്ഥികൾക്കുള്ള internship ആയി നൽകുന്നതിനെ കുറിച്ച് പഠിക്കുക.

**ഭാഷകൾ**

- ദാറുൽഹുദാ സിസ്റ്റത്തിലെ ഓരോ ക്ലാസിലെയും ഭാഷാ പഠനത്തിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കണം.

- ഭാഷകളിലെ നാനോന്മുഖ പുരോഗതി ലക്ഷ്യം വെച്ച് കൊണ്ട് എല്ലാ വർഷവും ഭാഷാ ഫെസ്റ്റുകൾ സംഘടിപ്പിക്കാനുള്ള സർക്കുലർ അയക്കുക.
- സ്റ്റാഫ് നിയമന സമയത്ത് അധ്യാപകന്റെ താൽപര്യത്തിന് കൂടുതൽ പ്രാധാന്യം നല്കുക.
- ഭാഷ പഠിപ്പിക്കാൻ പ്രത്യേകം കോഴ്സ് കഴിഞ്ഞവരെയോ ആദ്യ രണ്ടു മാസത്തിനുള്ളിൽ ഒരു കോഴ്സ് പൂർത്തിയാക്കാൻ തയ്യാറായവരെ നിയമനം നടത്തുക. (ഉദാഹരണത്തിന്: TESOL മിനിമം 6.5 നേടുക)
- അമിത വായനക്കുള്ള പുസ്തകങ്ങൾ സ്ഥാപനത്തിൽ മിനിമം അഞ്ച് കോപ്പി വീതം വേണമെന്ന് സർക്കുലർ അയക്കുക.
- ഓരോ ക്ലാസിലും വായിച്ചിരിക്കേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സ്ഥാപനങ്ങളിലേക്ക് ഷെയർ ചെയ്യുക.

**Mathematics**

- ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട ഒപ്ഷനൽ പേപ്പറുകളും കിതാബുകളും ഡിഗ്രി സിലബസിൽ ഉൾപെടുത്തണമെന്ന് ചർച്ച ചെയ്തു.
- ഒരു മാസത്തിനുള്ളിൽ S-1 ലെ ഒന്നാം ടേമിലേക്കുള്ള മുഴുവൻ പാഠങ്ങളും ഡിസൈൻ ചെയ്യുക. പി ജി വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തുക കോഡിനേറ്റ് ചെയ്യാൻ ബിന്യാമിൻ ഹുദവിയെ ഏൽപ്പിച്ചു.
- മുഴുവൻ യു.ജി കോളേജുകളിൽ നിന്നും നിർണ്ണിത വിദ്യാർഥികളെ മാത്രം ഉൾപ്പെടുത്തി Mathematics മായി ബന്ധപ്പെട്ട ഒരു പൊതു പ്രോഗ്രാം രണ്ടാം സെമസ്റ്ററിൽ നടത്തുക.

**Science**

- Science Stream പ്ലസ് വണ്ണിൽ അനുവദിക്കുക.
- സെക്കന്ററി മൂന്നാം വർഷത്തെ സിലബസ് കേരള സിലബസിലേക്ക് മാറുക.

### താരീഖ്

- ചെറിയ ക്ലാസുകളിൽ സബ്ജക്ട് എക്സ്പേർട്ടുകളെ മാത്രം നിയമിക്കുക.
- സിലബസ് പരിഷ്കരണത്തിന് കരിക്കുലം കമ്മിറ്റിയിൽ നിന്നും അബൂബക്കർ സിദ്ദിഖ് ഹുദവിയെ തെരഞ്ഞെടുത്തു.
- SS-1, SS-2 ക്ലാസിൽ ടെക്സ്റ്റ് ബുക്ക് വേണം.

**Social**

- സെക്കണ്ടറി ഒന്നാം വർഷം മുതൽ എസ് ഇ ആർ ടി സിലബസിലേക്ക് മാറുക.

**Information Technology**

- സെക്കണ്ടറി മുഴുവൻ ക്ലാസുകളിലും ഐടി രണ്ട് പിരിയഡാക്കുന്നതിൽ അക്കാദമിക് ഓഫീസ് അന്തിമ തീരുമാനമെടുക്കണമെന്ന് യോഗം നിർദേശിച്ചു.
- SS-2 താൽപര്യം ഉള്ളവർക്ക് ഐടി സിലബസ് പഠിക്കുന്നതിന് പകരം വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രൊജക്ട് നൽകാനുള്ള ധാരണയായി.
- താൽപര്യമുള്ള വിദ്യാർഥികൾക്ക് ഡിസൈനിങ്, വീഡിയോ എഡിറ്റിങ്, റോബോട്ട് ഡെവലപ്മെന്റ്, വെബ് ഡെവലപ്മെന്റ് പോലുള്ള മേഖലകളിൽ പ്രത്യേകം വർക്ഷോപ്പ് നൽകാനുള്ള സർക്കുലർ അയക്കുക.
- ഡിഗ്രി പിജി തലത്തിൽ ഐടി ഡിപ്പാർട്ട്മെന്റ് തുടങ്ങുക.
- S-1, S-4 ക്ലാസുകളിലെ സിലബസ് അധികരിപ്പിക്കുക.
- അധ്യാപകർക്ക് ഐടി ഒരു പിരിയഡിന് 2 ക്രെഡിറ്റ് എന്ന രീതിയിലാക്കുക.
- കമ്പ്യൂട്ടർ ലാബ് കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക് പ്രസ്തുത ഡ്യുട്ടിക്ക് നിശ്ചിത ക്രെഡിറ്റ് നൽകുക .
- ദഅവ അടിസ്ഥാനമാക്കിയുള്ള ഐടി ഫീൽഡുകൾ വിദ്യാർഥികൾക്കായി പ്ലാൻ ചെയ്യുക.

### ജനറൽ

- എല്ലാ വിഷയങ്ങളുടെയും Learning outcome തയ്യാറാക്കുക.
- ചോദ്യപ്പേപ്പർ തയ്യാറാക്കാനുള്ള ഏകദിന വർക്ഷോപ്പ് സംഘടിപ്പിക്കുക.

- പിഎൽസി വഴി എല്ലാ വിഷയങ്ങളും ഏത് രീതിയിൽ അധ്യാപനം നടത്തണമെന്നുള്ള വർക്ഷോപ്പുകൾ സംഘടിപ്പിക്കുക.
- അക്കാദമിക വർഷം തുടങ്ങും മുമ്പ് ആദ്യ മൂന്ന് ദിവസം എല്ലാ വിഷയങ്ങളുടെയും Offline Orientation അക്കാദമിക് ഓഫീസ് മുഖേന നൽകുക.
- എല്ലാ വിഷയങ്ങളുടെയും ടീച്ചേർസ് മെറ്റീരിയലുകൾ തയ്യാറാക്കണം
- സെക്കന്ററി ഒന്നാം വർഷത്തിലേക്ക് ഹിന്ദി ഭാഷ പഠിക്കാൻ ചിത്രങ്ങൾ സഹിതമുള്ള പുസ്തകം തെരഞ്ഞെടുക്കുക.

## അക്കാദമിക് കലണ്ടർ മാറ്റം

- പുസ്തക ലഭ്യതയുലുള്ള പ്രശ്നങ്ങൾ ഒഴിവാക്കി സ്കൂൾ വിദ്യാഭ്യാസം കുറ്റമറ്റതാക്കാൻ അക്കാദമിക് കലണ്ടർ ഹിജ്റ കലണ്ടറിൽ നിന്ന് ഗ്രിഗോറിയനിലേക്ക് മാറ്റം വരുമ്പോൾ ഇസ്ലാമിക സംസ്കാരത്തിന് മൂല്യച്യുതി വരാൻ സാധ്യതയുള്ളതിനാൽ മാറാതിരിക്കുന്നതാണ് നല്ലതെന്ന് ഹാരിസ് ഹുദവി മടപ്പള്ളി വ്യക്തമാക്കി. സാംസ്കാരിക മാറ്റം പരിഗണിക്കേണ്ടതാണെന്ന് വൈസ് ചാൻസലർ പറഞ്ഞു. പ്രസ്തുത കാര്യം കൂടുതൽ ആഴത്തിൽ പഠിച്ച് ചർച്ച ചെയ്യേണ്ടതാണെന്നതിനാൽ ഒരു സമിതിയെ നിശ്ചയിച്ച് തുടർ ചർച്ചകൾ ചെയ്യാൻ യോഗം തീരുമാനിച്ചു.

## ദാറുൽഹുദാ സ്കോളർഷിപ്പ് പരീക്ഷ

- വിദ്യാർത്ഥികളുടെ കഴിവുകൾ വിലയിരുത്തുന്നതിനും പഠനശീലങ്ങൾ വളർത്തുന്നതിനും പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി വ്യത്യസ്ത വിഭാഗങ്ങളായി തിരിച്ച് മത്സര പരീക്ഷ നടത്തുന്ന പദ്ധതി.
- ദാറുൽഹുദാ സംവിധാനത്തിലുള്ള വിദ്യാർഥികൾ അറിഞ്ഞിരിക്കേണ്ട മേഖലകുളുമായി ബന്ധപ്പെട്ട ചോദ്യങ്ങളായിരിക്കും പ്രസ്തുത പരീക്ഷയിലുണ്ടാവുക.
- ഭരണ സമിതിയായി പ്രത്യേക ഒരു ബോഡി നിയമിക്കാൻ തീരുമാനമായി.
- സമ്മാനത്തുക നൽകുന്നതിന് പകരം വിദേശത്തോ സ്വദേശത്തോ ഉള്ള പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രോഗ്രാമുകളിൽ പങ്കെടുക്കാനുള്ള അവസരം നൽകുന്നത് പോലുള്ള വിദ്യാർഥികളുടെ പ്രായത്തിനനുസരിച്ച അക്കാദമിക അവസരങ്ങൾ നൽകുന്ന രീതിയിലാവുന്നതാണ് കൂടുതൽ അഭികാമ്യമെന്ന് ഹാരിസ് ഹുദവി മടപ്പള്ളി അഭിപ്രായപ്പെട്ടു.

## അനുബന്ധ ചർച്ചകൾ

- സിവിൽ സർവീസുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നു. സെക്കണ്ടറി തലത്തിൽ മത്സരപ്പരീക്ഷകൾക്ക് തയ്യാറാകുന്നവർക്കായുള്ള പ്രോഗ്രാമുകൾ നടത്താൻ വിദ്യാർഥി യൂണിയനുകൾക്ക് നിർദ്ദേശം നല്കാവുന്നതാണെന്ന് ഇസ്മാഈൽ ഹുദവി അഭിപ്രായപ്പെട്ടു. വിദ്യാർഥികൾ യുപിഎസ്സിയിൽ ഫോക്കസ് ചെയ്യുന്നതാണ് നല്ലതെന്നും കൂടുതൽ ബുദ്ധിമുട്ടുള്ളത് തന്നെയാണ് വിദ്യാർഥികൾ പഠിക്കേണ്ടതെന്നും യോഗം വിലയിരുത്തി. സിവിൽ സർവീസ് പരിശീലനം സെക്കണ്ടറി മുതൽ തന്നെ വേണമെന്ന് വൈസ് ചാൻസലർ അഭിപ്രായപ്പെട്ടു.
- സിലബസുമായി ബന്ധപ്പെട്ട ചുരുങ്ങിയത് നാലോ അഞ്ചോ മേഖലകളിൽ സിപെറ്റ് അധ്യാപകർക്കായുള്ള കോഴ്സുകൾ ഡിസൈൻ ചെയ്ത് അവയിൽ ഏതെങ്കിലും ഒന്ന് മുഴുവൻ അധ്യാപകരും പൂർത്തിയാക്കണമെന്ന നിർദ്ദേശം നൽകണമെന്നും അധ്യാപകർക്കുള്ള പരിശീലനം നൽകുമ്പോ TNA (Training Need Analysis) നടത്തി വിഷയാധിഷ്ഠിത പരിശീലനങ്ങൾ നൽകണമെന്നും ഹാരിസ് ഹുദവി മടപ്പള്ളി അഭിപ്രായപ്പെട്ടു.
- ക്ലാസ് റൂം കൺസെപ്റ്റ് ക്ലാസ് റൂം ഡിസൈൻ എന്നിവ ഇല്ലാതെ നേരിട്ട് ക്ലാസ് നടപടിക്രമങ്ങളിലേക്ക് കടക്കുന്ന രീതിയിലാണ് നിലവില വ്യവസ്ഥയെന്നും മാറ്റം വരേണ്ടതുണ്ടെന്നും നൗഫൽ ഹുദവി മേലാറ്റൂർ അഭിപ്രായപ്പെട്ടു.
- **അക്കാദമിക് ഓഡിറ്റ്:** സെക്കണ്ടറി പുനക്രമീകരണം നടത്തുന്നതിന് മുമ്പ് ആവശ്യമായ സമയമെടുത്ത് നിലവിലെ ദാറുൽഹുദാ സിസ്റ്റം മുഴുവൻ ഓഡിറ്റ് ചെയ്യണമെന്നും അതിൻ്റെ റിപ്പോർട്ട് അനുസരിച്ച് അടുത്ത അഞ്ച് വർഷത്തേക്കുള്ള പദ്ധതികൾ പ്ലാൻ ചെയ്യേണ്ടതുണ്ടെന്നും ഹാരിസ് ഹുദവി മടപ്പള്ളി അഭിപ്രായപ്പെട്ടു.

- ടെക്സ്റ്റ് ബുക്ക് നിർമാണം നിരീക്ഷിക്കാൻ പ്രത്യേക സമിതിയെ -Content Development team- നിയമിക്കണമെന്നും ടെക്സ്റ്റ് പുസ്തകങ്ങൾ അവർ പരിശോധിച്ചെന്ന് ഉറപ്പ് വരുത്തുകയും വേണമെന്ന് അനസ് ഹുദവി പെലേപ്പുറം അഭിപ്രായപ്പെട്ടു. പ്രഗൽഭരായ ഒരു ടീം ഇരുന്ന് ടെക്സ്റ്റ് ബുക്കുകൾ വായിച്ച് ചർച്ച ചെയ്ത് അന്തിമമാക്കുന്നത് നല്ലതാണെന്ന് പി.കെ നാസ്വിർ ഹുദവി കൂട്ടിച്ചേർത്തു.
- **അക്രഡിറ്റേഷൻ:** സെക്കന്ററി സ്ഥാപനങ്ങൾക്കും ഡിഗ്രി സ്ഥാപനങ്ങൾക്കും വ്യത്യസ്ത രീതിയിലുള്ള അക്രഡിറ്റേഷൻ മാന്വൽ തയ്യാറാക്കേണ്ടതുണ്ടെന്നും ചോദ്യാവലി തയ്യാറാക്കുന്നവർ തന്നെ വാല്യേഷനും നടത്തണമെന്നും സെക്കണ്ടറി സ്ഥാപനങ്ങൾക്ക് NAAC അവലംബിക്കുന്നതിന് പകരം NABET ആണ് യോജിച്ചതെന്നും ഹാരിസ് ഹുദവി മടപ്പള്ളി അഭിപ്രായപ്പെട്ടു.
- കരിക്കുലം കമ്മിറ്റികളുടെ നിർദേശങ്ങൾ പലതും സിലബസിലെ ലേണിംഗ് ഒബ്ജക്ടീവുകളുമായി ബന്ധപ്പെട്ടതാണെന്നതിനാൽ അവ വ്യക്തമായാൽ മാത്രമേ ഇത്തരം വിഷയങ്ങളിൽ യോജിച്ച അഭിപ്രായങ്ങൾ പങ്ക് വെക്കാൻ സാധിക്കൂവെന്ന് റാഫി ഹുദവി അഭിപ്രായപ്പെട്ടു.

Prepared by:

**Dr. Rafeeq Hudawi Karimpanackal**
**Registrar (Academic Affairs)**

Approved by:

**Vice Chancellor**
**Darul Huda Islamic University**

DARUL HUDA ISLAMIC UNIVERSITY
KERALA
INDIA
CHEMMAD

.